**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**ബുള്ളറ്റിൻ ഭാഗം 2**

**2019 മേയ്, 25.**

**നമ്പർ: 654**

**2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തിനുള്ള ഭേദഗതി നോട്ടീസുകളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിനുള്ള നറുക്കെടുപ്പ് സംബന്ധിച്ച സമയക്രമം**

2019 മേയ് 28-ാം തീയതി സഭയിൽ ചർച്ചയ്ക്ക് വരുന്ന 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തിനുള്ള ഭേദഗതി നോട്ടീസ് നൽകുന്നതിനുള്ള തീയതിയും സമയവും 2019 മേയ് 27, തിങ്കളാഴ്ച രാവിലെ 11.00 മണിയാണെന്നുള്ള വിവരം അംഗങ്ങളെ അറിയിക്കുന്നു. പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തിനുള്ള ഭേദഗതി നോട്ടീസുകളുടെ മുൻഗണനാക്രമം നിർണ്ണയിക്കുവാൻ അന്നേ ദിവസം നടത്തുന്ന നറുക്കെടുപ്പിന്റെ വിവരം അംഗങ്ങളുടെ അറിവിലേയ്ക്കായി ചുവടെ ചേർക്കുന്നു.

നറുക്കെടുപ്പ് നടത്തുന്ന സ്ഥലം : ഡെപ്യൂട്ടി സെക്രട്ടറി (ലെജിസ്ലേഷൻ)യുടെ ഓഫീസ് (റൂം നം.408)

നറുക്കെടുപ്പ് നടത്തുന്ന സമയം : ഉച്ചയ്ക്ക് ശേഷം 03.00 മണി

**വി.കെ.ബാബുപ്രകാശ്,**
**സെക്രട്ടറി.**